"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗീകൃത സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/ പി.ജി ഡിപ്ലോമ പാസ്സായവരെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1968/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/10/2020

പരാമർശം:- 1 സ.ഉ.(സാധാ.)നം.3190/2017/ത.സ്വ.ഭ.വ, 03.10.2017.

2 നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ 23/11/2019-ലെ NAM/ADMN/079/2016/SPMSU നം. ഉത്തരവ്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.1(4.12).

**ഉത്തരവ്**

ഒന്നാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ യോഗ പരിശീലകരെ നിയമിക്കുമ്പോൾ അംഗീകൃത സർവകലാശാലയിൽ നിന്നും BNYS അല്ലെങ്കിൽ തത്തുല്യ ബിരുദം ഉള്ളവരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത ഉള്ളവരെയോ തദ്ദേശ സ്ഥാപനങ്ങൾക്ക് നിയമിക്കാം എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ യോഗാധ്യാപകരായി വിവിധ സർവകലാശാലകളുടെ സർട്ടിഫിക്കറ്റ് കോഴ്സ് ഉള്ളവരെ നിയമനത്തിൽ പരിഗണിക്കുന്നില്ല എന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യോഗ പരിശീലകരെ നിശ്ചയിക്കുന്നതിനുള്ള അദ്ധ്യാപക യോഗ്യതയിൽ കണ്ണൂർ സർവ്വകലാശാലയുടെ Certificate in Yoga & Fitness Course / PG Diploma എന്ന യോഗ്യത കൂടി ഉൾപ്പെടുത്തി പരാമർശിത ഉത്തരവ് ഭേദഗതി ചെയ്യണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് നിരവധി ഉദ്യോഗാർഥികൾ സർക്കാരിൽ നിവേദനം നൽകിയിരുന്നു.

2. നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം യോഗ ആന്റ് നാച്ചുറോപതി ടെക്നീഷ്യൻ/യോഗ ഡെമോൺസ്ട്രേറ്റർ/യോഗാ ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ ക്വാളിഫിക്കേഷൻ, അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ഉള്ള BNYS/MSC (Yoga) M.Phil (yoga) / അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ഉള്ള ഒരു വർഷത്തിൽ കുറയാതെയുള്ള പഠന കാലാവധി ഉള്ള PG diploma in Yoga / അംഗീകൃത സർവ്വകലാശാലകൾ അല്ലെങ്കിൽ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ഒരു വർഷത്തിൽ കുറയാതെയുള്ള പഠന കാലാവധി ഉള്ള approved certificate course in yoga, എന്ന രീതിയിൽ ആണെന്നും ആയതിനാൽ അപേക്ഷകർ ‘Certificate in Yoga Fitness Course/PG Diploma Course’ പാസായതിനാൽ യോഗാ പരിശീലകരായി പരിഗണിക്കാവുന്നതാണെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും ,മേൽ കമ്മിറ്റിയുടെ പരാമർശം(3) തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാലയുടേയും മറ്റ് അംഗീകൃത സർവ്വകലാശാലകളുടെയും ഒരു വർഷത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/ പി.ജി ഡിപ്ലോമ പാസ്സായവരെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റിഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
പൊതുവിദ്യാഭ്യാസ വകുപ്പ് (D2/375/2018-GEDN)
ആയുഷ് വകുപ്പ്
സെക്രട്ടറി, കേരള യോഗ ടീച്ചേർസ് യൂണിയൻ, പള്ളിക്കുന്ന്, കണ്ണൂർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.10.20 12:10:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്